നൽകി ചെറുകിട നാമമാത്രകർഷകരെ വിലയിടിവിൽനിന്നും രക്ഷിക്കുക എന്നതാണ് ഈ ഫണ്ടിന്റെ പ്രധാന ലക്ഷ്യം. ഇതു വഴി സുസ്ഥിരമായ ഒരു ജീവിത നിലവാരം നൽകുവാനും കാർഷികവൃത്തിയിൽ കർഷകരെ ഉറപ്പിച്ചു നിർത്തുവാൻ പ്രോത്സാഹനം നൽകുവാനും ഫണ്ടുവഴി കഴിയുന്നതാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബജറ്റിൽ ഇതിനായി പ്രത്യേകിച്ച് തുകയൊന്നും നീക്കിവെച്ചിട്ടില്ല.

കീടനാശിനി പ്രയോഗംമൂലം ക്യാൻസർ രോഗം

*17 [333] ശ്രീ. എം. കുമാരൻ:

" ബിനോയ് വിശ്വം:

" പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏലം, തേയില തോട്ടങ്ങളിലെ അമിത കീടനാശിനി പ്രയോഗംമൂലം ജനങ്ങളിൽ ക്യാൻസർ രോഗം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നത്;

(സി) ഈ ജില്ലകളിലെ ക്യാൻസർ രോഗികളുടെ എണ്ണം വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വിശദമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ ഗൗരിയമ്മ):

(എ) ഇല്ല. ഏലം, തേയില തോട്ടങ്ങളിൽ രോഗകീട ബാധയ്ക്കെതിരെ കൃഷിവകുപ്പു മുഖാന്തിരം മരുന്നുതളി നടത്തുന്നില്ല. സെൻട്രൽ ഇൻസെക്ടിസൈഡ് ആക്ട് പ്രകാരമാണ്, തളിക്കാവുന്നതും തളിക്കാൻ നിരോധനമുള്ളതുമായ കീടനാശിനികളുടെ ലിസ്റ്റ് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. കീടനാശിനികളുടെ ലിസ്റ്റ് തീരുമാനിക്കുന്നതു സംസ്ഥാന ഗവൺമെന്റല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly